"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെന്റ് & ഇന്നവേഷൻ) വകുപ്പ്-കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)- വിജ്ഞാന കേരളം പദ്ധതി- ശ്രീ.ശ്രീജിത്ത്.സി.എസ് (PEN:684204), അസിസ്റ്റന്റ് പ്രൊഫസർ, സെന്റ്.മേരിസ് കോളേജ്, സുൽത്താൻ ബത്തേരി, വയനാട്-നെ വയനാട് ജില്ലയിൽ വിജ്ഞാന കേരളം പദ്ധതിയിൽ ജില്ലാ മിഷൻ കോർഡിനേറ്ററായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെന്റ് & ഇന്നവേഷൻ) വകുപ്പ്**

സ.ഉ.(സാധാ) നം.44/2025/PLG&EA (DVPMT & INNOVATION) തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:-
1. സ.ഉ.(കൈ)നം.179/2024/LSGD തീയതി, 19.12.2024
2. സ.ഉ.(സാധാ)നം.445/2025/LSGD തീയതി, 12.02.2025
3. സ.ഉ.(കൈ)നം. 1/2025/PLG&EA (DVPMT& INNOVATION) തീയതി, 17.05.2025

**ഉത്തരവ്**

'വിജ്ഞാന പത്തനംതിട്ട' എന്ന പേരിൽ ആരംഭിച്ച സമഗ്ര തൊഴിൽദാന പൈലറ്റ് പദ്ധതിയുടെ വിജയത്തെ തുടർന്ന് പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി, കെ-ഡിസ്ക്-നു കീഴിൽ 'വിജ്ഞാന കേരളം' എന്ന പേരിൽ വിപുലീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു. വിജ്ഞാന കേരളം കർമ്മപദ്ധതിയുടെ പ്രവർത്തനരൂപരേഖ പരാമർശം 1 പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം 2 പ്രകാരം, വിജ്ഞാനകേരളം സംസ്ഥാന കൗൺസിൽ രൂപീകരിച്ചുകൊണ്ടും സംസ്ഥാനതലത്തിലേയും ജില്ലാതലത്തിലേയും അംഗങ്ങളെ നിശ്ചയിച്ചുകൊണ്ടും ഉത്തരവായിരുന്നു. അതിൻപ്രകാരം എല്ലാ ജില്ലകളിലും ജില്ലാ മിഷൻ കോർഡിനേറ്റർമാരെ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് വിജ്ഞാന കേരളം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി കെ-ഡിസ്ക് ന് കീഴിൽ 14 ജില്ലാ മിഷൻ കോർഡിനേറ്റർമാരെ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ്/ കരാർ വ്യവസ്ഥയിൽ വിന്യസിക്കുന്നതിന് കെ-ഡിസ്കിന്റെ പി.എം.യു-ൽ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ 14 താൽക്കാലിക തസ്തികകൾ ഒരു വർഷത്തേയ്ക്ക് സൃഷ്ടിച്ചുകൊണ്ട് പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി.

2. വയനാട് ജില്ലയിലെ വിജ്ഞാന കേരളം പദ്ധതിയിൽ ജില്ലാ മിഷൻ കോർഡിനേറ്ററായി സേവനമനുഷ്ഠിക്കുന്നതിന് ശ്രീ.ശ്രീജിത്ത്.സി.എസ് (PEN:684204), അസിസ്റ്റന്റ് പ്രൊഫസർ, സെന്റ്.മേരിസ് കോളേജ്, സുൽത്താൻ ബത്തേരി,

വയനാട്-ന്റെ സമ്മതപത്രവും ടിയാനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് മാതൃവകുപ്പിന്റെ അനുമതിയും ലഭ്യമായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ. ശ്രീജിത്ത്.സി.എസ് (PEN:684204), അസിസ്റ്റന്റ് പ്രൊഫസർ, സെന്റ്.മേരിസ് കോളേജ്, സുൽത്താൻ ബത്തേരി, വയനാട്-നെ വയനാട് ജില്ലയിലെ വിജ്ഞാന കേരളം പദ്ധതിയിൽ ജില്ലാ മിഷൻ കോർഡിനേറ്ററായി അന്യത്ര സേവനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

4. ശ്രീ. ശ്രീജിത്ത്.സി.എസ്, മാതൃ വകുപ്പിൽ നിന്ന് ചട്ടപ്രകാരം വിടുതൽ വാങ്ങി കെ-ഡിസ്ക് മെമ്പർ സെക്രട്ടറി മുൻപാകെ അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ.എം.എബ്രഹാം

EX-OFFICIO SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്
ശ്രീ.ശ്രീജിത്ത്.സി.എസ് (PEN:684204), അസിസ്റ്റന്റ് പ്രൊഫസർ, സെന്റ്.മേരിസ് കോളേജ്, സുൽത്താൻ ബത്തേരി, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), (ആഡിറ്റ് -I & II), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സ്പെഷ്യൽസെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കെ -ഡിസ്ക്
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ, സെന്റ്.മേരിസ് കോളേജ്, സുൽത്താൻ ബത്തേരി, വയനാട്
ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ/ഡി) വകുപ്പ്
ധനകാര്യ (പ്ലാനിംഗ്-ബി/ എക്സ്പെൻഡിച്ചർ/ബജറ്റ് വിംഗ്-ഡി)വകുപ്പ്
വിവര & പൊതുജന സമ്പർക്ക (Web & New Media) വകുപ്പ് (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ ഫയൽ നം DI-A3/4/2025-PLGEA.DVPMT INV)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്